മദ്യദുരന്തവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ സ്വീകരിച്ച നടപടി

42 (1096) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യ ദുരന്തങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(ബി) എത്ര എക്സൈസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുത്തു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യ ദുരന്തങ്ങളുമായി ബന്ധപ്പെട്ട് രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2000-ാമാണ്ട് ഒക്ടോബർ മാസം 21, 22 തീയതികളിൽ കല്ലുവാതുക്കൽ, കൊട്ടാരക്കര, പട്ടാഴി, പള്ളിപ്പുറം എന്നീ സ്ഥലങ്ങളിൽ ഉണ്ടായ മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് 16 എക്സൈസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും മറ്റ് ശിക്ഷാ നടപടികൾ എടുക്കുകയും ചെയ്തു. 2003 ഏപ്രിൽ മാസം കൊല്ലം ജില്ലയിൽ കുപ്പണ എന്ന സ്ഥലത്തുണ്ടായ മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് 32 ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തി വരുന്നു.

മദ്യ ദുരന്തവുമായി ബന്ധപ്പെട്ട കേസ്സുകൾ

43 (1097) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യദുരന്തവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ചാർജ്ജ് ചെയ്തു ; ഓരോന്നിലും എത്ര പ്രതികൾ ഉണ്ട് ;

(ബി) എത്രകേസ്സുകളിൽ ഇനിയും കുറ്റപത്രം നൽകാനായി ഉണ്ട് ;

(സി) എത്രകേസ്സുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ; എത്ര കേസ്സുകളിൽ വെറുതെ വിടപ്പെട്ടിട്ടുണ്ട് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

വ്യാജമദ്യ ദുരന്തവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ

44 (1098) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജമദ്യ ദുരന്തവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസ്സുകൾ ഇതുവരെ ചാർജ് ചെയ്തിട്ടുണ്ട് ;

(ബി) ഇത്തരം കേസ്സുകളിൽ ഏതിലെങ്കിലും അന്തിമവിധി ആയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത 3 കേസ്സുകളും കല്ലുവാതുക്കൽ, പള്ളിക്കൽ, കുന്നിക്കോട്, പള്ളിപ്പുറം എന്നിവിടങ്ങളിൽ നടന്ന മദ്യ ദുരന്തവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത മറ്റ് 7 കേസ്സുകളും ക്ലബ് ചെയ്ത് ഒന്നായി അന്വേഷിച്ച് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

കൊല്ലം ജില്ലയിലുണ്ടായ വ്യാജ മദ്യ ദുരന്തങ്ങൾ

45 (1099) ശ്രീ. എൻ. ശക്തൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കൂടുതൽ വ്യാജമദ്യ ദുരന്തങ്ങൾ ഉണ്ടാകുവാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) കൊല്ലം ജില്ലയിൽ ഇക്കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ മദ്യദുരന്തമുണ്ടായ സ്ഥലങ്ങളിലെ ഏതെല്ലാം വ്യാജമദ്യവില്പന കേന്ദ്രങ്ങൾ തകർക്കുവാനും, വ്യാജമദ്യത്തിന്റെ ഉറവിടം കണ്ടെത്തുവാനും എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കല്ലുവാതുക്കൽ, കുപ്പണ, കുറവൂർ എന്നീ സ്ഥലങ്ങളിൽ മദ്യദുരന്തം നടക്കുന്നതിനിടയാക്കിയവരെ എക്സൈസ് വകുപ്പുകാർ അറസ്റ്റു ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) കുറഞ്ഞ വിലയ്ക്കുള്ള വ്യാജമദ്യത്തിന്റെ ലഭ്യതയാണ് ഇതിന് ഒരു കാരണം. വ്യാജ വില്പന തടയുന്നത് കൂടുതൽ കർശനമാക്കാൻ നീക്കം ആരംഭിച്ചിട്ടുണ്ട്.

(ബി) വ്യാജമദ്യ ദുരന്തവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലെ വ്യാജമദ്യ കേന്ദ്രങ്ങൾ തകർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചാത്തന്നൂർ റേഞ്ചിലെ കല്ലുവാതുക്കൽ സമീപ പ്രദേശങ്ങളായ കൈരുക്കുഴി, ദാവണം, പൊയ്ക, തോണിപ്പാറ, കല്ലുവെട്ടാൻകുഴി, കൊല്ലം റേഞ്ചിലെ അമ്പഴവയൽ, കുപ്പണ അഞ്ചാലും മൂട്, എരുവനങ്ങാട്, കല്ലുവാഴം, പേരയം, പത്തനാപുരം

LIBRARY ARCHIVES Kerala Legislative Assembly